"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - സീനിയർ ക്ലാർക്കായിരുന്ന ശ്രീ.പി.ടി.അനിൽ കുമാർ-നെതിരായ അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.3115/2025/LSGD തീയതി,തിരുവനന്തപുരം, 31-12-2025

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.10.2015 തീയതിയിലെ ഇ7(എസ്.സി 155/14/ഇ.കെ.എം) 36472/2015നം. കത്ത്
2. 04.02.2021 തീയതിയിലെ ഇയു2- 84/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. 29.07.2021 തീയതിയിലെ സ.ഉ(സാധാ) നം.1422/2021/തസ്വഭവ
4. കൊച്ചി റീജിയണൽ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 08.06.2022 തീയതിയിലെ ജി1-2966/ആർ.ജെ.ഡി നമ്പർ റിപ്പോർട്ട്.
5. പ്രിൻസിപ്പൽഡയറക്ടറുടെ 11.08.2023, 18.10.2023,13.11.2024 തീയതികളിലെ LSGD/PD/55539/2023-VIGC4 നമ്പർ കത്തുകൾ
6. 05.05.2025 തീയതിയിലെ ഇയു2-84/2016/ തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. ശ്രീ.പി.ടി.അനിൽ കുമാർ സമർപ്പിച്ച 30.05.2025 തീയതിയിലെ മറുപടി
8. പ്രിൻസിപ്പൽഡയറക്ടറുടെ 15.07.2025 തീയതിയിലെ LSGD/PD/55539/2023-VIGC4 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ കൂടാതെ തുടർന്നും ഓടിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് 19.11.2014- ൽ കൊച്ചി കോർപ്പറേഷൻ മെയിൻ ഓഫീസിലെ ഹെൽത്ത് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ 2014-15 സാമ്പത്തിക വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം സംഭവിച്ചതു കാരണം 01.04.2014 മുതൽ 19.11.2014 വരെ കൊച്ചി കോർപ്പറേഷന് ₹12,89,475/-അധികമായി ചെലവഴിക്കേണ്ടി

വന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത ക്രമക്കേടിന് കൊച്ചി നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടികളുടെ ഭാഗമായി കൊച്ചി കോർപ്പറേഷനിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.പി.ടി.അനിൽ കുമാർ-നെതിരെ പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. ശ്രീ.പി.ടി.അനിൽ കുമാർ മെമ്മോയ്ക്ക് പ്രതിവാദപത്രിക തൃപ്തികരമല്ലാതിരുന്നതിനാൽ, ടിയാനുൾപ്പടെയുള്ളവർക്കെതിരായ ക്രമക്കേടുകളിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം 3 പ്രകാരം ഉത്തരവാകുകയും ചെയ്തു.

3. ഇക്കാര്യത്തിൽ പരാമർശം 4 പ്രകാരം സമർപ്പിച്ച അന്വേഷണറിപ്പോർട്ട് പ്രകാരം കൊച്ചി കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ ഫയൽ രേഖകളും മുൻകാല റിപ്പോർട്ടുകളും, ഇന്റേർണൽ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ നിന്ന് ടെണ്ടർനടപടികൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് മനപ്പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല എന്ന് കാണുന്നുവെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും മാലിന്യ നിർമ്മാർജ്ജനം തടസ്സപ്പെടാതിരിക്കാനാണ് കേരളാ മുനിസിപ്പാലിറ്റിആക്ട് സെക്ഷൻ 15 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജനത്തിനായി ടിപ്പർ ലോറികൾ തുടർന്നും മുൻവർഷത്തെ നിരക്കിൽ ശ്രീ.എൻ.ആർ.ഷാജിക്ക് തന്നെ കരാർ അനുവദിക്കുന്നതിന് ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതെന്നും മുൻകൂർ അനുമതി കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണെന്നും ആയതിനാൽ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എടുത്ത തീരുമാനം മൂലം നഗരസഭയ്ക്കുണ്ടായ അധിക ചെലവ് നഷ്ടമായി കണക്കാക്കാനാവില്ല എന്ന് വിലയിരുത്താവുന്നതാണെന്നും കൂടാതെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് വാടക ഇനത്തിൽ അധികമായി തുക നൽകിയത് മൂലം തിരികെ ഈടാക്കേണ്ടതായി ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 54,79,290/-(അൻപത്തി നാലുലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ് മാത്രം) രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. മേൽ വിഷയത്തിലെ അന്വേഷണറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 റിപ്പോർട്ട് പ്രകാരം കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ കൂടാതെ തുടർന്നും ഓടിക്കുന്നതിലെ ക്രമക്കേടുകളിൽ കൊച്ചി നഗരസഭയിലെ ആരോപണവിധേയരായ ജീവനക്കാർ മനപ്പൂർവ്വമായ വീഴ്ചവരുത്തിയതായി കാണുന്നില്ല എന്നതിനാൽ ടിയാളുകളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ വിഷയത്തിലുള്ള അന്വേഷണഉദ്യോഗസ്ഥന്റേയും പ്രിൻസിപ്പൽ ഡയറക്ടറുടെയും ശിപാർശ അംഗീകരിക്കാനാകുന്നതല്ലായെന്ന് കണ്ട് തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം കൊച്ചി നഗരസഭയിലെ ശ്രീ. പി.ടി. അനിൽകുമാർ എന്നവർക്കെതിരെ KCS(CCA) Rules 1960 റൂൾ 15 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി ടിയാളുടെ 2 വാർഷികവേതനവർദ്ധനവുകൾ സഞ്ചിത ഫല പ്രാബല്യത്തോടെ തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം 6 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു .

6. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ അനിൽകുമാർ സമർപ്പിച്ച മറുപടിയിൽ ആവശ്യപ്പെട്ട പ്രകാരം 25.07.2025ന് ടിയാനെ തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. ഹിയറിങ്ങ് വേളയിലും കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച മറുപടിയിലും പ്രതിവാദപത്രികയിലും ബോധിപ്പിച്ച കാര്യങ്ങൾ തന്നെ ടിയാൾ ആവർത്തിക്കുകയുണ്ടായി. അതിൻപ്രകാരം ടെൻഡർ നടപടികൾ വൈകുന്ന ടിയാന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ല എന്നും 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാലും ആരോഗ്യ സ്ഥിരം സമിതി കോർപ്പറേഷൻ കൗൺസിൽ എന്നിവയുടെ ഭരണപരവും നയപരവുമായ അംഗീകാരം ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാലും സെക്രട്ടറി നിർദ്ദേശിച്ച പ്രകാരമുള്ള വിവിധ റിപ്പോർട്ടുകൾ ലഭ്യതമാകുന്നതിൽ ഉണ്ടായ താമസവും മൂലമാണ് ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ താമസം നേരിട്ടതെന്നും അറിയിക്കുകയുണ്ടായി. ടിയാന്റെ 26 വർഷത്തെ സേവന കാലയളവിൽ സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായ യാതൊരു നടപടികളും ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലാത്തതാണെന്നും വിഷയം പരിഗണിച്ച് കുറ്റാരോപണങ്ങളിൽ നിന്നും മുക്തനാക്കണമെന്നും ഇൻക്രിമെന്റ് റദ്ദ് ചെയ്യുന്ന നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

7. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 8 റിപ്പോർട്ട് പ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 2014-15 വർഷത്തേക്ക് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ഫയൽ 25.10.2013 തീയതിയിൽ തന്നെ ആരംഭിച്ച് നടപടികൾ സ്വീകരിച്ചതായി കാണുന്നതായും, ആദ്യ ഘട്ടത്തിൽ ടെൻഡർ നിബന്ധനകൾ തയ്യാറാക്കി ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഫയൽ മൂവ്മെന്റിന് അൽപ്പം കാലതാമസം വന്നിട്ടുള്ളതായി നോട്ട് ഫയലിൽ നിന്നും വ്യക്തമാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 18.03.2014 ൽ കൂടിയെങ്കിലും വിശദമായ ചർച്ചയ്ക്കായി അടുത്ത കമ്മിറ്റിയിലേക്ക് മാറ്റിവച്ചതായും തുടർന്ന് 06.05.2014 ൽ കൗൺസിലിലേക്ക് ശിപാർശ ചെയ്യുകയും 03.07.2014 ൽ ടെണ്ടർ നിബന്ധനകൾ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതും തുടർന്ന് നഗരസഭയുടെ 2 JCB-കൾ, Refuse Compactor എന്നിവ ഉപയോഗിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട വെഹിക്കിൾ ഹെൽത്ത് ഇൻസ്പെക്ടറോട് ആവശ്യപ്പെടുകയും ടി റിപ്പോർട്ട് 05.08.2014 ൽ ലഭ്യമായതിനെ തുടർന്ന് അഡീഷണൽ സെക്രട്ടറി, AEE, EE എന്നിവരുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും വീണ്ടും വിവിധ പ്രശ്നങ്ങൾ മൂലം ടെണ്ടർ നടപടികൾ വൈകിയതായും 05.11.2014 ൽ ടെണ്ടർ ക്ഷണിച്ചതിൽ 4 ടെണ്ടറുകൾ ലഭ്യമാവുകയും ഏറ്റവും കുറഞ്ഞ നിരക്കായ 2585/- രൂപയ്ക്ക് ക്വാട്ട് ചെയ്തത് ശ്രീ.സക്കീർ ബാബു ആണെങ്കിലും 2800/- രൂപ ക്വാട്ട് ചെയ്ത ശ്രീ.എൻ.ആർ.ഷാജി ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.31941/14 നമ്പർ കേസിലെ 02.12.2014 ലെ ഉത്തരവ് പ്രകാരം കോടതിയിൽ നിന്നും തുടർ ഉത്തരവ് ലഭ്യമാകുന്നത് വരെ ടെണ്ടർ നടപടികൾ പൂർത്തിയാക്കരുതെന്ന് നിർദ്ദേശിച്ചതായും അറിയിക്കുന്നു. തുടർന്ന് പരാതിക്കാരനെയും എതിർകക്ഷികളെയും നേരിൽ കേട്ട് തീരുമാനം എടുക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ച് 16.12.2014 ൽ ബഹു.ഹൈക്കോടതി ഉത്തരവായതായും തുടർന്ന് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിന് ശേഷം തീരുമാനത്തിനായി 25.02.2015 ലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചതായും പ്രസ്തുത വിഷയം സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടത്തി, അജണ്ട പ്രകാരം കുറഞ്ഞ നിരക്ക് സമർപ്പിച്ചയാളെ നെഗോഷിയേറ്റ് ചെയ്ത് അംഗീകാരം നൽകി

കൗൺസിലിലേക്ക് ശിപാർശ ചെയ്യാലും, നഗരസഭാ കൗൺസിൽ തീരുമാനം ലഭ്യമായി എഗ്രിമെന്റ് നടപടികൾ പൂർത്തിയാകുമ്പോഴേയ്ക്കും 2014-15 സാമ്പത്തിക വർഷം പൂർത്തിയായിട്ടുണ്ടാകുമെന്നും സാമ്പത്തിക വർഷം അവസാനിക്കാൻ 34 ദിവസം മാത്രം ബാക്കിയുള്ളപ്പോഴാണ് ടി വിഷയം കമ്മിറ്റി മുൻപാകെ പരിഗണനയ്ക്ക് വരുന്നതെന്നും സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി. ആയതിനാൽ ഫയലിൽ കാലതാമസം നേരിടാനുണ്ടായ സാഹചര്യം റിപ്പോർട്ട് ആക്കി സമർപ്പിക്കുവാൻ സെക്രട്ടറി, ഹെൽത്ത് ഓഫീസർ എന്നിവരെ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലപ്പെടുത്തി. കൂടാതെ 2014-15 ലേക്ക് റീ ടെണ്ടറിംഗ് ഇനി പ്രായോഗികമല്ലാത്തതിനാൽ 2014-15 വർഷത്തേക്കുള്ള ടെണ്ടർ നടപടികൾ തുടരേണ്ടതില്ലായെന്നും സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചതായും പിന്നീട് കാലതാമസം സംബന്ധിച്ച് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് 28.05.2015 ൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2014-15 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ 2014-15 വർഷത്തെ ടെണ്ടറിംഗ് സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിക്കുന്നതിനും തീരുമാനിച്ചതായും 2014-15 വർഷം നടന്ന ലോക് സഭാ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടവും കാലതാമസത്തിന് കാരണമായിട്ടുള്ളതായും ഫയലിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ലായെന്നുമുള്ള റിപ്പോർട്ട് ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതായി കാണുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി..

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്ന് വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് തുടർനടപടി സ്വീകരിയ്ക്കുന്നതിന് ഉദ്യോഗസ്ഥർ ബാധ്യസ്ഥരായിരുന്നു. എന്നിരുന്നാലും കോർപ്പറേഷൻ പോലുള്ള ഒരു വലിയ തദ്ദേശസ്ഥാപനത്തിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ഒന്നിലധികം സെക്ഷനിൽ ഫയൽ കൈകാര്യം ചെയ്ത്, വിവിധ കമ്മിറ്റികൾ എന്നിവയിലൂടെ കടന്നുപോയിട്ടുള്ള ഫയലാണ് എന്നതു കൂടി പരിഗണിയ്ക്കാവുന്നതാണ് എന്ന് കാണുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിൽ ആരോപിക്കുന്നത് പ്രകാരം, 2014-2015 വർഷത്തെ ടെണ്ടർ നടപടികൾ വൈകിപ്പിയ്ക്കാൻ കുറ്റാരോപിതൻ മനഃപ്പൂർവ്വമായി ശ്രമിച്ചു എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ആയതിനാൽ കൊച്ചി കോർപ്പറേഷനിൽ 2014-15 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയതിൽ നഗരസഭാ ജീവനക്കാർക്ക് വീഴ്ച സംഭവിച്ചതായി കാണാവുന്നതാണ് എന്നിരുന്നാലും കാലതാമസത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം മേൽജീവനക്കാരിൽ മാത്രം നിക്ഷിപ്തമായിരുന്നില്ല എന്നും കാണുന്നു.

9. മേൽ സാഹചര്യത്തിൽ ഹിയറിംഗ് വേളയിൽ ശ്രീ പി.ടി.അനിൽകുമാർ സമർപ്പിച്ച വിശദീകരണത്തിന്റെയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷനിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. പി.ടി.അനിൽകുമാർ -നെതിരെ KCS&CCA Rules 1960 റൂൾ 15 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്ക നടപടി, ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ പി.ടി.അനിൽകുമാർ, മുൻ സീനിയർ ക്ലർക്ക്, കൊച്ചി നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 03-01-2026 11:07:03

സെക്ഷൻ ഓഫീസർ